DESPATCHED
ദി..23/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 274(2)/2021**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **682**/എസ്.ഐ.സി-ജി 6/21)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.സുകുലാൽ എസ്.,
വട്ടവിളാകം,
റോഡരിക്കത്തു വീട്,
നെടുമങ്ങാട്, ആനപ്പാറ പി.ഒ.,
പിൻ – 695 551.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സബ് രജിസ്ട്രാർ,
ആര്യനാട്.

2. അപ്പീൽ അധികാരി&
ജില്ലാ രജിസ്ട്രാർ (ജനറൽ),
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12.09.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി<br>ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05.11.2020<br>19.11.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 13.01.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 13.01.2021 |
| ഹിയറിംഗ് നടന്ന തീയതി | 11.11.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2.അപ്പീൽ ഹർജിക്കാരൻ 12.09.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 16.10.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചി രിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ക്രോ ഡീകരിച്ച് സൂക്ഷിച്ചിട്ടുള്ളവയല്ലെന്നും വിവിധ വർഷങ്ങളിലെ രേഖകൾ പരി ശോധിച്ച് തയ്യാറാക്കേണ്ടതാണെന്നും ആയതിനാൽ ടിയാന്റെ അപേക്ഷ വിവരാവകാശ നിയമം 2(f) വകുപ്പനുസരിച്ച് വിവരം എന്ന നിർവ്വചനത്തിൽ വരാത്തതും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തതാണെന്നു മാണ്. എന്നാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കുവാനുള്ള ബാധ്യത എസ്.പി.ഐ.ഒ.യ്ക്കുള്ളതിനാൽ, 1958 മുതൽ 1970 വരെ കാലയളവിൽ ടിയാന്റെ അപേക്ഷയിൽ പറയുന്ന വ്യക്തി നടത്തിയിട്ടുള്ള ക്രയവിക്രയങ്ങളുടെ വിവരങ്ങൾ തിരഞ്ഞ് നോക്കു ന്നതിന് ഹർജിക്കാരനോ ടിയാന്റെ പ്രതിനിധിയോ ഓഫീസ് പ്രവൃത്തി ദിന ങ്ങളിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിച്ച് വിവരശേഖരണം നട ത്താവുന്നതാണെന്നും പരിശോധനയ്ക്ക് ആദ്യത്തെ ഒരു മണിക്കൂറിന് ഫീസ് ഒടുക്കേണ്ടതില്ലെന്നും തുടർന്നുള്ള ഓരോ മണിക്കൂറിനും 10 രൂപാ നിരക്കിൽ ഫീസ് ഒടുക്കാവുന്നതാണെന്നും അല്ലെങ്കിൽ 1958 മുതൽ 1970 വരെ കാലയളവിൽ ടിയാന്റെ അപേക്ഷയിൽപ്പറയുന്ന വ്യക്തി നടത്തിയി ട്ടുള്ള ക്രയവിക്രയങ്ങളുടെ വിവരങ്ങൾ തെരഞ്ഞ് നോക്കുന്നതിന് രജിസ്ട്രേ ഷൻ നിയമപ്രകാരം 265/- രൂപ ഫീസ് ഒടുക്കേണ്ടതാണെന്നും ആയതിന് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണെന്നുമാണ്.

ടി മറുപടിയിൽ അതൃപ്തി അറിയിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന് 19.11.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,അപ്പീൽ ഹർജി ക്കാരൻ ഫയൽ ചെയ്ത അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ടി ഓഫീസിൽ ലഭിക്കുകയും ഹർജി ഫയലിൽ സ്വീകരിച്ച് തുടർ നടപടികൾ

കൈക്കൊള്ളുകയും ചെയ്തിട്ടുള്ളതാണെന്നും ടിയാൻ എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആര്യനാട് പകുതിയിൽപ്പെട്ട 4 ഏക്കർ 27 സെന്റ് വസ്തുവിന്റെ ക്രയവിക്രയങ്ങളെ സംബന്ധിച്ച് ആര്യനാട് സബ് രജിസ്ട്രാർ ഓഫീസിൽ ആവശ്യപ്പെട്ടതിന് ടി വിവരങ്ങൾ വിവിധ വർഷങ്ങളിലെ രേഖകൾ പരിശോധിച്ച് തയ്യാറാക്കുന്ന പുതിയ രേഖയായതിനാൽ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും ടി വിവരങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ഹർജിക്കാരനോ പ്രതിനിധിയ്ക്കോ നേരിട്ട് പരിശോധിക്കാമെന്നും അല്ലെങ്കിൽ ക്രയവിക്രയങ്ങൾ ഉൾപ്പെടുന്ന ബാദ്ധ്യതാ സർട്ടിഫിക്കറ്റിന് രജിസ്ട്രേഷൻ നിയമക്രാരം 265/- രൂപ ഫീസടച്ച് ഓൺലൈനായി അപേക്ഷിക്കാമെന്നും എസ്.പി.ഐ.ഒ/സബ് രജിസ്ട്രാർ ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നാണ്.

അപ്പീൽ ഹർജിയും അനുബന്ധരേഖകളും എസ്.പി.ഐ.ഒ.യുടെ വിശദീകരണം എന്നിവ വിശദമായി പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ വിവരാവകാശ നിയമത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ടുതന്നെ മറുപടി നൽകിയിട്ടുള്ളതായി കാണുന്നുവെന്നും ഒരു പൊതുവായ അധികാരിയുടെ ഓഫീസിൽ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടുള്ള വിവരങ്ങൾ നൽകാനാണ് വിവരാവകാശ നിയമം അനുശാസിക്കുന്നതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ആഫീസിൽ ക്രോഡീകരിച്ച് സൂക്ഷിക്കാത്തവയായതിനാൽ കേരള വിവരാവകാശ ചട്ടങ്ങൾ 2006 4(ഡി) പ്രകാരം ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ലാതെയും തുടർന്നുള്ള ഓരോ 30 മിനിട്ടിനും ആയതിന്റെ ഭാഗത്തിനോ 10/- വീതം ഒടുക്കിയോ ഹർജിക്കാരന് രേഖകൾ നേരിൽ പരിശോധിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജി തീർപ്പാക്കിയെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ളവയല്ലെന്നും വിവിധ വർഷങ്ങളിലെ രേഖകൾ പരിശോധിച്ച് തയ്യാറാക്കേണ്ടവയായതിനാലാണ് നേരിൽ പരിശോധിക്കാൻ ആവശ്യപ്പെട്ടതെന്നും

ഒന്നാം എതിർകക്ഷി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ 1958 മുതൽ 1970വരെ ടിയാന്റെ ഭൂമിയിൽ നടന്ന ക്രയവിക്രയ ആധാരങ്ങളുടെ പകർപ്പാണ് ആവശ്യപ്പെട്ടിരുന്നതെന്നു കമ്മീഷനു ബോധ്യമാകുന്നു. അപ്പീൽ ഹർജിക്കാരന് ലഭ്യമായ ബാധ്യതാ സർട്ടിഫിക്കറ്റിൽ ഏതെങ്കിലും വിവരം വിട്ടുപോയിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് മാറ്റങ്ങൾ വരുത്തിയ സർട്ടിഫിക്കറ്റ് നൽകണമെന്ന നിർദ്ദേശത്തോടുകൂടി ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 നവംബർ 11-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION THIRUVANANTHAPURAM